(എഫ്) 10801 കോടി രൂപ.

(ജി) വീഴ്ച വരുത്താതെ നിശ്ചിത സമയത്ത് തിരിച്ചടച്ചുകൊണ്ടിരിക്കുന്നു.

(എച്ച്) ഇല്ല.

കേരള സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ പലിശ

13 [296] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ഏപ്രിൽ മാസത്തിൽ കേരള സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ പലിശയിനത്തിൽ പ്രതിമാസ തിരിച്ചടവ് എത്ര കോടി രൂപ ആയിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) 2003 ഡിസംബറിൽ സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ പലിശയിനത്തിലെ തിരിച്ചടവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പലിശയിനത്തിലെ തിരിച്ചടവിൽ എത്ര തുകയുടെ കുറവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വായ്പാ തുകയുടെ തിരിച്ചടവ് 2000-01 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2003-04-ൽ എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001 ഏപ്രിൽ മാസത്തിൽ ആകെ നൽകിയ പലിശ 133 കോടി രൂപ.

(ബി ആന്റ് സി) 31-10-2003 വരെയുള്ള താത്ക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ.

(ഡി) 31-10-2003 വരെയുള്ള താല്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ. ആയതിനാൽ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

എ. ഡി. ബി., ലോകബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് കടമെടുത്ത തുക

14 [297] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എ.ഡി.ബി., ലോക ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് എന്ത് തുക കടമെടുത്തു എന്ന് വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം ആവശ്യത്തിലേക്കാണ് എ. ഡി. ബി. തുക നൽകിയത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ തുക ഇതേ ആവശ്യത്തിനുവേണ്ടിയാണോ ചെലവഴിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തുക ചെലവഴിച്ചത് സംബന്ധിച്ച വിശദവിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എ. ഡി. ബി., ലോക ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽനിന്ന് മൊത്തം 1012.96 കോടി രൂപ കേന്ദ്ര സർക്കാർ മുഖേന ലഭിച്ചിട്ടുണ്ട്.

(ബി) ഭരണ നവീകരണത്തിനും സാമ്പത്തിക പരിഷ്കരണ നടപടികൾക്കുമായിട്ടാണ് തുക ലഭിച്ചിട്ടുള്ളത്.

(സി) അതെ.

(ഡി) 200 കോടി രൂപ വൈദ്യുതി ബോർഡിന് നൽകി. 300 കോടി രൂപ ടി. പി. അക്കൗണ്ടുകൾ നിർത്തലാക്കിയതു പ്രകാരമുള്ള അഡ്ജസ്റ്റ്മെന്റ് നടത്തി. 25 കോടി രൂപ അസറ്റ് റിന്യൂവൽ ഫണ്ട് രൂപീകരിക്കുന്നതിന് വിനിയോഗിച്ചു. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്ക് 50 കോടി രൂപ നൽകി.

എ. ഡി. ബി. വായ്പയും ഗ്രാന്റും

15 [298] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ. ഡി. ബി. യുമായി ഒപ്പിട്ട ധാരണാപത്രം അനുസരിച്ച് ഇതിനകം എത്ര രൂപ വായ്പയായും എത്ര തുക ഗ്രാന്റായും ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്ര തുക ഇതിനകം ചെലവഴിച്ചു;

(സി) ചെലവുകളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ധാരണാപത്രം അനുസരിച്ച് 31-3-2004-വരെ എത്ര തുക കൂടി സംസ്ഥാനത്തിന് ലഭിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 601.30 കോടി രൂപ കേന്ദ്രസർക്കാർ വഴി വായ്പയായി ലഭിച്ചിട്ടുണ്ട്. ഇതിൽ 70 ശതമാനം വായ്പയായും 30 ശതമാനം ഗ്രാന്റായുമാണ് ലഭിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly